പതിമൂന്നാം കേരള നിയമസഭ
പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 3376 12/12/2014-ൽ മറുപടിയ്ക്ക്

" ജനന സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനുള്ള നടപടി ക്രമം"

| ചോദ്യം<br>ശ്രീ. റോഷി അഗസ്റ്റിൻ<br>ഡോ.എൻ.ജയരാജ്<br>ശ്രീ. എം.വി.ശ്രേയാംസ് കുമാർ<br>ശ്രീ.പി.സി.ജോർജ്ജ് | | മറുപടി<br>ശ്രീ.മഞ്ഞളാംകുഴി അലി<br>(നഗരകാര്യവും ന്യൂനപക്ഷ ക്ഷേമവും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് നഗരസഭകളിൽ നിന്ന് ജനന സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനുള്ള നടപടി ക്രമങ്ങൾ എന്തെല്ലാമാണ് ? | (എ) | നിശ്ചിത മാതൃകയിലുള്ള വെള്ളക്കടലാസിലുള്ള അപേക്ഷ (5 രൂപാ കോർട്ട് ഫീ സ്റ്റാമ്പ് പതിക്കണം), അപേക്ഷകന്റെ പേരിൽ വാങ്ങിയ 20 രൂപയിൽ കുറയാത്ത മുദ്രപത്രം, തിരച്ചിൽ ഫീസ് 2 രൂപാ വീതം ഓരോ വർഷത്തേക്ക്, പകർപ്പ് ഫീസ് 5 രൂപാ, തപാലിൽ ലഭിക്കുന്നതിനാവശ്യമായ തപാൽ സ്റ്റാമ്പ് ഒട്ടിച്ച കവർ എന്നിവ സഹിതം സംഭവം രജിസ്റ്റർ ചെയ്തിട്ടുള്ള രജിസ്ട്രേഷൻ യൂണിറ്റിൽ അപേക്ഷിച്ചാൽ ജനന സർട്ടിഫിക്കറ്റ് ലഭ്യമാകുന്നതാണ്. ജനനം നടന്ന് 21 ദിവസത്തിനുള്ളിലുള്ള സംഗതിയിൽ തിരച്ചിൽ ഫീസ് അടവാക്കേണ്ടതില്ല. |
| (ബി) | ജനന സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനു വേണ്ടി വർഷങ്ങൾക്കു ശേഷം അപേക്ഷിക്കുന്നവർക്ക് അപേക്ഷയോടൊപ്പം എന്തെല്ലാം രേഖകളാണ് ഹാജരാക്കേണ്ടത് ; വ്യക്തമാക്കുമോ ; | (ബി) | ജനനം നടന്ന് ഒരു വർഷത്തിനുള്ളിൽ രജിസ്ട്രേഷൻ നടക്കാത്ത സംഗതികളിൽ രജിസ്ട്രേഷന് അനുമതി നൽകേണ്ടത് റവന്യൂ ഡിവിഷണൽ ഓഫീസർ ആണ്. (G.O. No.124/72/ ആഭ്യന്തരം/02/08/1972). ജനനം നടന്ന സ്ഥലത്തെ തദ്ദേശ രജിസ്ട്രാർക്ക് ആർ.ഡി.ഓയുടെ അനുമതിക്കായി അപേക്ഷ സമർപ്പിക്കുന്നുവെങ്കിൽ :-<br>ജനന റിപ്പോർട്ട് എല്ലാ കോളങ്ങളും പൂരിപ്പിച്ചത് 2 കോപ്പി, സത്യവാങ്മൂലം (ആർ.ഡി.ഓ നിഷ്കർഷിച്ചിട്ടുള്ള പ്രകാരം), ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സെക്രട്ടറിയുടെ നോൺ അവയിലബിലിറ്റി സർട്ടിഫിക്കറ്റ് , ആയതിനായി ജനന സമയത്തെ മേൽ വിലാസം തെളിയിക്കുന്ന രേഖ (സ്കൂൾ രേഖ, റേഷൻ കാർഡ്, വോട്ടർപട്ടിക മുതലായവയിൽ |

| | | | |
|---|---|---|---|
| | | | ഏതെങ്കിലും ഒന്നിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ്), രജിസ്ട്രേഷൻ അനുവദിക്കമെമെന്നാവശ്യപ്പെടുന്നതും വൈകിയതിന്റെ കാരണം കാണിക്കുന്നതുമായ അപേക്ഷ (5 രൂപാ കോർട്ട് ഫീ സ്റ്റാംമ്പ് പതിച്ചത്) തദ്ദേശ രജിസ്ട്രാറുടെ നോൺ അവയിലബിലിറ്റി സർട്ടിഫിക്കറ്റ് സഹിതം മേൽപറഞ്ഞ രേഖകൾ അപേക്ഷകന് നേരിട്ട് ആർ.ഡി.ഓ യ്ക്ക് അപേക്ഷ സമർപ്പിക്കാവുന്നതാണ്. ആർ.ഡി.ഓ യുടെ അനുമതി ലഭിച്ചതിനു ശേഷം ബന്ധപ്പെട്ട തദ്ദേശ രജിസ്ട്രാറിൽ നിന്നും 10 രൂപാ ഫീസ് അടവാക്കി ജനന സർട്ടിഫിക്കറ്റ് ലഭ്യമാക്കാവുന്നതാണ്. ജനനം യഥാസമയം രജിസ്റ്റർ ചെയ്യുകയും വർഷങ്ങൾക്കു ശേഷം സർട്ടിഫിക്കറ്റിന് അപേക്ഷിക്കുകയും ചെയ്യുന്ന സംഗതികളിൽ യാതൊരു രേഖയും ഹാജരാക്കേണ്ടതില്ല. |
| (സി) | ഇപ്രകാരം വർഷങ്ങൾക്കു ശേഷം ജനന സർട്ടിഫിക്കറ്റിനായി തിരുവനന്തപുരം നഗരസഭയിൽ അപേക്ഷ സമർപ്പിച്ചിട്ടുള്ള എത്ര അപേക്ഷകളിൽ തീരുമാനം എടുക്കാനുണ്ടെന്ന് അറിയിക്കുമോ ? | (സി) | 2005 മുതൽ 2012 വരെ ലഭിച്ചിട്ടുള്ള അപേക്ഷകളിൽ പരിശോധന നടത്തി മതിയായ രേഖകൾ ഹാജരാകാൻ അറിയിപ്പു നൽകിയിട്ടും ഹാജരാകാതെ 44770 അപേക്ഷകൾ ശേഷിക്കുന്നുണ്ട്. |
| (ഡി) | ജനന സർട്ടിഫിക്കറ്റ് ലഭ്യമാക്കാൻ അവശേഷിക്കുന്ന അപേക്ഷകളിൽ അടിയന്തിര നടപടി സ്വീകരിക്കുമോ ? | (ഡി) | മേൽപറഞ്ഞ അപേക്ഷകളിൽ രേഖകൾ ഹാജരാക്കുന്ന കേസുകൾ തീർപ്പാക്കി വരുന്നുണ്ട്. മറ്റുള്ളവ അദാലത്ത് നടത്തി തീർപ്പാക്കുന്നതിനായി ബഹു. നഗരസഭ ആരോഗ്യ വിദ്യാഭ്യാസ സ്റ്റാൻഡിംഗ് കമ്മിറ്റിയും പാസ്സാക്കി ഫയൽ ബഹു. കൗൺസിലിന്റെ തീരുമാനത്തിന് അയച്ചിട്ടുണ്ട്. ആയത് ലഭിക്കുന്ന മുറയ്ക്ക് തുടർ നടപടി സ്വീകരിക്കുന്നതാണ്. |

Vajeem

**സെക്ഷൻ ഓഫീസർ**